തരവും അടിസ്ഥാനമാക്കി ഓരോ വിഭാഗവും ആഡിറ്റ് ചെയ്യേണ്ട ആഡിറ്റർമാരുടെ പദവിയും നിശ്ചയിച്ച് ഒരു പാനൽ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന് കാലതാമസം ഉണ്ടാകുന്നതിനാൽ 31-12-2015 വരെ നിലവിലുള്ള രീതി തുടരുവാൻ സർക്കാരിന്റെ ജി.ഒ (പി)നമ്പർ 83/2015/സഹ. നമ്പർ ഉത്തരവ് അനുസരിച്ച് ഇളവ് അനുവദിച്ചിട്ടുണ്ട്.

സഹകരണ നിയമം

142 (509) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ് ;

(ബി) കമ്മിറ്റി ഭേദഗതിക്കായി പരിഗണിച്ചുകൊണ്ടിരിക്കുന്ന നിർദ്ദേശങ്ങൾ ഏതൊക്കെ ; കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് വിശദമാക്കാമോ ;

(സി) പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിക്കുന്നതിനായി ഇതിനകം എത്ര സിറ്റിംഗ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ :

(ഡി) നിലവിലുള്ള ഏതെല്ലാം വ്യവസ്ഥകൾ എടുത്തു കളയാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും കമ്മിറ്റി അതിന്റെ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1969-ലെ കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് ഒരു വിദഗ്ധ കമ്മിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി അംഗങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1	ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ	ചെയർമാൻ
2	ശ്രീ. ജോയ് എബ്രഹാം, എം.പി.	അംഗം
3	ശ്രീ. കെ. എ. ചന്ദ്രൻ, എക്സ് എം.എൽ.എ.	അംഗം
4	അഡ്വ. എൻ. ദാമോദരൻ നായർ	അംഗം
5	ശ്രീ. ഇ. എം. അഗസ്തി, എക്സ് എം.എൽ.എ.	അംഗം
6	ശ്രീ. പി. രാഘവൻ, എക്സ് എം.എൽ.എ.	അംഗം

LIBRARY ARCHIVES Kerala Legislative Assembly

7	ശ്രീ. കെ. ആർ. ചന്ദ്രമോഹനനൻ, എക്സ് എം.എൽ.എ.	അംഗം
8	ശ്രീ. മനയത്ത് ചന്ദ്രൻ	അംഗം
9	ശ്രീ. എം. മെഹബൂബ്	അംഗം
10	ശ്രീ.കരകുളം കൃഷ്ണപിള്ള	അംഗം
11	ശ്രീ. പി. അബ്ദുൾ ഹമീദ്	അംഗം
12	ശ്രീ. സി.എൻ. വിജയകൃഷ്ണൻ	അംഗം
13	ശ്രീ. ജെയിംസ് ജോസഫ്, നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി	അംഗം
14	ശ്രീ. എം. എം. രാജപ്പൻ	അംഗം
15	അഡ്വ. കെ. ജയവർമ്മ	അംഗം
16	ശ്രീ. ഇ. ഷംസുദ്ദീൻ	അംഗം
17	ശ്രീ. കെ. വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്).	കൺവീനർ

(ബി) 1969-ലെ കേരള സഹകരണ സംഘം നിയമം കാലോചിതമായി പരിഷ്കരിക്കുക എന്നതാണ് കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ്. സഹകരണ നിയമത്തിൽ പരാമർശിച്ചിട്ടുള്ള രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, അംഗത്വം, തെരഞ്ഞെടുപ്പ്, ജീവനക്കാരെ സംബന്ധിക്കുന്ന വിഷയങ്ങൾ, ആർബിട്രേഷൻ, എക്സിക്യൂഷൻ, ക്ലാസിഫിക്കേഷൻ, ഓഡിറ്റ് തുടങ്ങിയ വിഷയങ്ങളിൽ കമ്മിറ്റിക്ക് ഇതിനോടകം അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്.

(സി) പൊതുജനങ്ങളിൽനിന്നും സഹകാരികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് നാല് സിറ്റിംഗുകൾ ഇതിനോടകം നടത്തിയിട്ടുണ്ട്. ആദ്യ സിറ്റിംഗ് 17-9-2015-നും തിരുവനന്തപുരം, കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട് ഈ ജില്ലകളിലെ സിറ്റിംഗ് 5-10-2015-ന് കോഴിക്കോട് വച്ചും പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലെ സിറ്റിംഗ് 24-11-2015-ന് എറണാകുളത്ത് വച്ചും ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ സിറ്റിംഗ് 27-11-2015-ന് തിരുവനന്തപുരത്തുവച്ചും നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1969-ലെ സഹകരണ നിയമവും ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനുവേണ്ടിയാണ് വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിരിക്കുന്നത്. കമ്മിറ്റി അതിന്റെ ശിപാർശകൾ സമർപ്പിക്കുമ്പോൾ മാത്രമേ ഇത് സംബന്ധിച്ച വ്യക്തത ഉണ്ടാകുകയുള്ളൂ. മൂന്ന് മാസത്തിനകം കമ്മിറ്റിയുടെ ശിപാർശകൾ സമർപ്പിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

സഹകരണ വികസന ക്ഷേമനിധി ബോർഡ്

143 (510) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വികസന ക്ഷേമനിധി ബോർഡ് സ്ഥാപിക്കപ്പെട്ടത് ഏത് തീയതിയിലാണ്; നിധിയിൽ ഇപ്പോൾ അവശേഷിക്കുന്ന തുക എത്ര ; നിധിയിൽ നിന്നും ഇതിനകം എത്ര പേർക്ക് ക്ഷേമനിധി പ്രകാരമുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ട് ; എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ക്ഷേമനിധി ബോർഡിന് നിലവിൽ എത്ര ഓഫീസുകൾ ഉണ്ട്; ഇതിനായി പ്രതിവർഷമുള്ള ചെലവ് എത്രയെന്നു വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര ജീവനക്കാർ പ്രവർത്തിച്ചു വരുന്നു ; സ്ഥിരപ്പെട്ടത്തപ്പെട്ടവർ എത്ര ; ദിവസ കൂലിയിലോ, മറ്റ് വ്യവസ്ഥയിലോ ജോലി നോക്കുന്നവർ എത്ര; വിശദമാക്കാമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവർ എത്ര; പേര്, മേൽവിലാസം, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, ശമ്പളം എന്നിവ വിശദമാക്കാമോ ;

(ഇ) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന ചെലവ് വഹിക്കുന്നത് ആരാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് 30-11-2000-ൽ രൂപീകരിക്കുകയും 11-12-2000-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി പ്രകാരം ക്ഷേമ വികസന പദ്ധതിക്കായി 14,72,97,103 രൂപ ബാക്കി നിൽപ്പുണ്ട്. 20 സംഘങ്ങൾക്ക് ക്ഷേമവികസന പദ്ധതി പ്രകാരം സഹായം ലഭ്യമാക്കിയിട്ടുണ്ട്. 12 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly